കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ.ആർ. രഘുനാഥനെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(കൈ) നം.336/2015/തസ്വഭവ** **തീയതി, തിരുവനന്തപുരം, 07/11/2015**

---

പരാമർശം : 1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്.
2) 09/02/2010 ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്.
3) ശ്രീ.ആർ. രഘുനാഥന്റെ 23/07/2013 ലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 17/08/2013, 10/02/2014, 07/10/2014 തീയതികളിലെ ഇ 9- 30496/2011 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ 19/12/1988 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ.ആർ.രഘുനാഥന്റെ നിയമനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചു. 368.79 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ ശ്രീ.ആർ.രഘുനാഥനെക്കൂടാതെ 6 ഫുൾടൈം സ്വീപ്പർമാർ ജോലി ചെയ്തുവരുന്നുണ്ട് എന്നും, 1990 ന് മുമ്പ് തന്നെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ 6 ഫുൾടൈം സ്വീപ്പർ തസ്തിക നിലവിലുണ്ടായിരുന്നുവെന്നും, എന്നാൽ തസ്തിക സംബന്ധിച്ച ഉത്തരവുകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ലെന്നും, 1990 ന് മുമ്പ് തന്നെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ 6 ഫുൾടൈം സ്വീപ്പറുടെ തസ്തിക നിലവിലുണ്ടായിരുന്നുവെന്നും , കൂടാതെ ഈ ആറുപേരും മാർക്കറ്റ് സ്വീപ്പിംഗ് ജോലിചെയ്തു വരുന്നുവെന്നും 1990 ന് മുമ്പ് തന്നെ ഓഫീസ് സ്വീപ്പിംഗിനായി ശ്രീ.ആർ.രഘുനാഥിനെയാണ് നിയോഗിച്ചിട്ടുള്ളതെന്നും പരാമർശം 4 ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ബാലരാമപുരം ഗ്രാമ പഞ്ചായത്തിൽ 19/12/1988 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.ആർ. രഘുനാഥനെ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് തസ്തിക സൃഷ്ടിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ സേവനം ക്രമവൽക്കരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മാർക്കറ്റും റോഡും വൃത്തിയാക്കുന്ന നിലവിലുള്ള 6 ഫുൾടൈം സ്വീപ്പർമാർ വിരമിക്കുന്ന മുറയ്ക്ക് ടി ഫുൾടൈം സ്വീപ്പർ തസ്തികകൾ നിർത്തൽ ചെയ്യുന്നതിനും, ഏര്യ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവാകുന്നു,

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
സെക്രട്ടറി, ബാലരാമപുരം ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല.
ശ്രീ.ആർ. രഘുനാഥൻ, പാർട്ട് ടൈം സ്വീപ്പർ, ബാലരാമപുരം ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല. (സെക്രട്ടറി, ബാലരാമപുരം ഗ്രാമ പഞ്ചായത്ത് മുഖേന)
പൊതുഭരണ(എസ്.സി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ് (യു.ഒ നം. 2203 /വ്യയം സി2/15/ധന തീയതി 19/06/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ